**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5590** | **24-03-2025 - ൽ മറുപടിയ്ക്ക്**

**എം.എം.ആർ. വാക്സിൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം ,<br>ശ്രീ. കുറുക്കോളി മൊയ്തീൻ,<br>ശ്രീ. എ. കെ. എം. അഷ്‌റഫ്,<br>ശ്രീ. മഞ്ഞളാംകുഴി അലി | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | മുണ്ടിനീര് വ്യാപനം തടയുന്നതിന് എല്ലാ കുട്ടികൾക്കും എം.എം.ആർ. വാക്സിൻ നൽകുന്നതിനാവശ്യമായ മരുന്ന് സൗജന്യമായി ലഭ്യമാക്കണമെന്ന ആവശ്യത്തിന്മേൽ കേന്ദ്ര നിലപാട് അറിയിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ? | (എ) | കേന്ദ്ര ആരോഗ്യ കുടുംബക്ഷേമമന്ത്രാലയത്തിന്റെ ദേശീയ രോഗപ്രതിരോധ വാക്സിനേഷൻ പട്ടിക പ്രകാരമാണ് കുട്ടികൾക്കുള്ള വാക്സിനേഷൻ നടപ്പിലാക്കുന്നത്. പ്രസ്തുത പട്ടിക പ്രകാരമുള്ള എല്ലാ വാക്സിനുകളും കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയം സൗജന്യമായാണ് നൽകുന്നത്. ദേശീയ രോഗപ്രതിരോധ വാക്സിനേഷൻ പട്ടികയിൽ കേന്ദ്ര ആരോഗ്യ കുടുംബക്ഷേമമന്ത്രാലയം രണ്ടു ഡോസ് MR (മീസിൽസ്, റൂബെല്ല) വാക്സിൻ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും എം.എം.ആർ. (മീസിൽസ്, റൂബെല്ല, മംമ്പ്സ്) വാക്സിൻ ഉൾപ്പെടുത്തിയിട്ടില്ല. കഴിഞ്ഞ ഏതാനും മാസങ്ങളായി സംസ്ഥാനത്ത് മംമ്പ്സ് (മുണ്ടിനീര്) കേസുകൾ കൂടുതലായി റിപ്പോർട്ട് ചെയ്തതിനാൽ MMR (മീസിൽസ്, റൂബെല്ല, മംമ്പ്സ്) വാക്സിൻ, ദേശീയ രോഗപ്രതിരോധ വാക്സിനേഷൻ പട്ടികയിൽ ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സംസ്ഥാന സർക്കാർ കേന്ദ്ര ആരോഗ്യ കുടുംബക്ഷേമമന്ത്രാലയത്തിനു കത്ത് നൽകിയിട്ടുണ്ട്. ഇത് സംബന്ധിച്ച മറുപടി ലഭ്യമായിട്ടില്ല. |

സെക്ഷൻ ഓഫീസർ